നം:സി4/27031/2016/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം,
തീയതി : 21.06.2018

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് – കേരള സംസ്ഥാന പിന്നോക്ക കമ്മീഷൻ, കേരളാ സംസ്ഥാന സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ ജാതി സമുദായങ്ങളുടെ പ്രാതിനിധ്യം വിവരങ്ങൾ വെബ്പോർട്ടലിൽ ചേർത്തത് – സംബന്ധിച്ച്.

സൂചന:- ഈ ഓഫീസിലെ 08.06.20108-ലെ സി4/27031/16/കോ.വി.വ നമ്പർ സർക്കുലർ

* * *

കേരളാ സംസ്ഥാന സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ ജാതി / സമുദായങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ച് വിവരങ്ങൾ കേരള സംസ്ഥാന പിന്നോക്ക കമ്മീഷൻ ആരംഭിച്ചിട്ടുള്ള വെബ്പോർട്ടലിൽ (e-CDESK) അടിയന്തിരമായി ചെയ്തു തീർക്കണമെന്നും കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഈ ഓഫീസിലേയ്ക്ക് സമർപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സൂചന പ്രകാരം ഈ ഓഫീസിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള നിരവധി സ്ഥാപനങ്ങളിൽ നിന്നും ഇനിയും വിവരങ്ങൾ e-CDESK-ൽ ചെയ്ത് തീർത്തതായുള്ള സർട്ടിഫിക്കറ്റ് ലഭിക്കാനുണ്ട്. സർട്ടിഫിക്കറ്റ് അയച്ചു തരുവാനുള്ള സ്ഥാപനങ്ങളിൽ നിന്നും അടിയന്തിരമായി സർട്ടിഫിക്കറ്റ് 23.06.2018 തീയതിയ്ക്കകം ഈ ഓഫീസിലേയ്ക്ക് അയച്ചു തരേണ്ടതാണ്. മാത്രവുമല്ല, ജീവനക്കാരുടെ പേര് വിവരങ്ങൾ e-CDESK-ൽ ചേർക്കാനുണ്ടെങ്കിൽ ആയതിനുള്ള തൃപ്തികരമായ വിശദീകരണവും സഹിതം കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഇ-മെയിൽ മുഖാന്തിരം അറിയിക്കേണ്ടതാണ്. നിശ്ചിത തീയതിയ്ക്കകം കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭിച്ചില്ലെങ്കിൽ 'ടി' വിവരത്തിന് കാരണക്കാരായ സ്ഥാപന മേധാവികളുടെ ലിസ്റ്റ് സർക്കാരിന് കൈമാറുന്നതാണ്.

ഒപ്പ്/-
സീതാലക്ഷ്മി അമ്മ എ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
0471 2305547
srao.colledn@kerala.gov.in

പകർപ്പ്:-

1. കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും
2. എല്ലാ ഗവൺമെന്റ് ലോ കോളേജ് പ്രിൻസിപ്പൽമാർക്കും
3. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

//അംഗീകാരത്തോടെ//

സൂപ്രണ്ട്

പി.ജി : 22.06.2018

GOVERNMENT OF KERALA 2017-18